പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 6388 11-07-2012 -ൽ മറുപടി നൽകേണ്ടിയിരുന്നത്.

## യുണൈറ്റഡ് ഡിസ്റ്റിലറി മാറ്റിസ്ഥാപിക്കാൻ കോടതി വിധി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. ബാലൻ : | | ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിലെ ഏലത്തൂരിൽ പ്രവർത്തിച്ചിരുന്ന യുണൈറ്റഡ് ഡിസ്റ്റിലറി പാലക്കാട് ജില്ലയിലെ മുതലമടയിലേക്ക് മാറ്റിസ്ഥാപിക്കാൻ കോടതി വിധിയുണ്ടായിട്ടുണ്ടോ; | (എ) | ഡിസ്റ്റിലറി സമർപ്പിച്ച, മാറ്റി സ്ഥാപിക്കുന്നതിനുള്ള അപേക്ഷ, യോഗ്യത അടിസ്ഥാനപ്പെടുത്തി, എത്രയും പെട്ടെന്ന് തീരുമാനമെടുക്കുവാൻ ഉത്തരവാകുകയുണ്ടായി. |
| (ബി) | മുതലമടയിൽ ഡിസ്റ്റിലറി സ്ഥാപിക്കുന്നതിനെതിരെ മുതലമട ഗ്രാമപഞ്ചായത്ത് പ്രമേയം പാസ്സാക്കിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ഡിസ്റ്റിലറി സ്ഥാപിക്കുന്നതിനെതിരെ മുതലമട നിവാസികൾ എക്സൈസ് കമ്മീഷണർക്ക് പരാതി നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | പഞ്ചായത്തിന്റെയും, നാട്ടുകാരുടെയും എതിർപ്പ് അവഗണിച്ച് ഡിസ്റ്റിലറി സ്ഥാപിക്കാനുള്ള കാരണമെന്തെന്ന് വ്യക്തമാക്കുമോ? | (ഡി) | ടി സ്ഥാപനം മുതലമടയിൽ പുതുതായി അനുവദിച്ചതല്ല. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ഷോക്കോസ് നോട്ടീസിനെ തുടർന്നും, കോഴിക്കോട് വെങ്ങാലിപ്പാറയിൽ പ്രവർത്തിച്ചു വരുന്ന യുണൈറ്റഡ് ഡിസ്റ്റിലറി സമർപ്പിച്ച അപേക്ഷ, ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ, പാലക്കാട് മുതലമട പഞ്ചായത്തിലേക്ക് മാറ്റാൻ, പുതുതായി ഒരു ഡിസ്റ്റിലറി സ്ഥാപിക്കുമ്പോൾ പാലിക്കേണ്ട എല്ലാ നിയമപരമായ നടപടി ക്രമങ്ങളും പാലിക്കണമെന്ന വ്യവസ്ഥയിലാണ് അനുമതി നൽകിയിട്ടുള്ളത്. പ്രസ്തുത ഡിസ്റ്റിലറിയുടെ സ്ഥാപിത ശേഷി വർദ്ധിപ്പിച്ച് നൽകിയിട്ടില്ല. 29-03-2012-ൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ജി.ഒ. (എം.എസ്) നമ്പർ 52/12/റ്റി.ഡി. പ്രകാരം, നിലവിലുള്ള സ്ഥാപിതശേഷിയിൽ തന്നെ ഡിസ്റ്റിലറി മാറ്റുന്നതിനുള്ള അനുമതി മാത്രമാണ് നൽകിയിട്ടുള്ളത്. ഡിസ്റ്റിലറി അടച്ചുപൂട്ടുന്ന സാഹചര്യമുണ്ടായാൽ, ഏകദേശം നാനൂറോളം തൊഴിലാളികളുടെ ഉപജീവന മാർഗ്ഗം നഷ്ടപ്പെടുമെന്ന സാഹചര്യം ഒഴിവാക്കുന്നതിനാണ്, ഡിസ്റ്റിലറി മാറ്റി സ്ഥാപിക്കുവാൻ അനുമതി നല്കിയത്. |

സെക്ഷൻ ആഫീസർ